കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇരിക്കൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016 - 17

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.4/1344/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
e-mail:doknr.ksad@kerala.gov.in
ഫോൺ:04972707698
തീയതി: 14.09.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ഇരിക്കൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ഇരിക്കൂർ ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

-----------------

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ്:</u>

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഇ-മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ ജില്ല (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്.

നം.കെഎസ്എ/കെഎൻആർ/സി.4/1344/20107. തിയ്യതി:14.09.2017

**കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

ഇരിക്കൂർ ഗ്രാമപഞ്ചായത്ത് 5.12.16 മുതൽ 19.07.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം:

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ. |

.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 20.7.2017 മുതൽ 28.7.2017 | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| വരെ | ശ്രീ.കെ.ശശീന്ദ്രൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിസ്മി.എസ്.നായർ | ഓഡിറ്റർ |

1-1 നിർവ്വഹണാധികാരികളുടെ പേര്, കാലയളവ്ഃ

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കെ.ടി.നസീർ | 1.4.2016 മുതൽ 31.3.2017 |

| | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.കെ.അബ്ദുൽ റഷീദ്. | 01.04.2016 മുതൽ 31.03.2017 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്ര. നം. | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ഡോ.ഷീബ.പി.ടി | 1.4.2016മുതൽ 31.3.2017വരെ |
| 2 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഗിരാജ് .എ | 1.4.2016 മുതൽ 31.3.2017 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.രേണുക.എ.പി | 1.4.2016 മുതൽ 31.3.2017 വരെ |
| 4 | മെഡിക്കൽ ഓഫീസർ, | ഡോ.മനു മാത്യു | 1.4.2016 മുതൽ 31.3.2017വരെ |

| | | | |
|---|---|---|---|
| | പി.എച്ച്.സി. | | |
| 5 | മെഡിക്കൽ ഓഫീസർ ആയ്യുർവേദം | ഡോ.അപർണ്ണ വിജയൻ | 1.4.2016 മുതൽ 31.3.2017വരെ |
| 6 | വെറ്ററിനറി സർജൻ | ഡോ.കെ.ജവഹർ | 1.4.2016 മുതൽ 31.3.2017വരെ |
| 7 | അസിസ്റ്റൻറ് എൻഞ്ചിനിയർ | ശ്രീ.ജ്യോതിഷ്ബാബു.കെ.ആർ | 1.4.2016 മുതൽ 6.7.2016 വരെ |
| | | | 20.8.2016മുതൽ 31.3.2017 വരെ |
| | | ശ്രീ.പി.മുകുന്ദൻ | 7.7.2016 മുതൽ 19.8.2016 വരെ |
| 8 | അസിസ്റ്റൻറ് സെക്രട്ടറി | ശ്രീ.എ.പി.ഗോപി | 1.4.2016 മുതൽ 31.3.2017 വരെ |

ഉള്ളടക്കം

ഭാഗം-1- പൊതു അവലോകനം:

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഗ്രാമസഭ | 1-11 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-12 |
| 13 | ദുരിതാശ്വാസ നിധി | 1-13 |


ഭാഗം - 2-വരവ് കണക്കുകളിലെ നിരീക്ഷണങ്ങൾ:


| | | |
|---|---|---|
| 1 | അനധികൃത കെട്ടിടങ്ങൾക്കെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല | 2-1 |
| 2 | തൊഴിൽ നികുതി അപാകങ്ങൾ | 2-2 |
| 3 | ഡി&ഒ ലൈസൻസ് അപാകങ്ങൾ | 2-3 |
| 4 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു | 2-4 |

| | | |
|---|---|---|
| 5 | ബസ് സ്റ്റാന്റ് യൂസേർസ് ഫീ പിരിവ്-അപാകങ്ങൾ | 2-5 |
| 6 | വാടക-അപാകങ്ങൾ | 2-6 |
| 7 | ഇ-ടെണ്ടർ ഫോറം വില ലഭിക്കാത്തത് | 2-7 |

ഭാഗം-3-ചെലവ് കണക്കുകളിലെ നിരീക്ഷണങ്ങൾ:

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കാത്തത് | 3-1 |
| 2 | കാർഷിക പ്രൊജക്ടിലെ സബ്സിഡി അനുവദിക്കുന്നതിൽ ഐകരൂപ്യമില്ല | 3-2 |
| 3 | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം-പ്രൊജക്ട് ചെലവ് രേഖകൾ പൂർണ്ണമല്ല ചെലവ് തുക ₹ 2,00,000 തടസ്സത്തിൽ വെക്കുന്നു. | 3-3 |
| 4 | JAY ബ്ലോക്ക് വിഹിതം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടത് | 3-4 |
| 5 | തെരുവു വിളക്ക് സ്ഥാപിക്കൽ നടപടിക്രമങ്ങളിൽ വീഴ്ച ₹3,99.024 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. | 3-5 |
| 6 | തുടർസാക്ഷരത പ്രവർത്തനങ്ങൾ രേഖകളിൽ വ്യക്തതയില്ല-ചെലവ് തുക ₹54,315 തടസ്സത്തിൽ വെക്കുന്നു. | 3-6 |

| | | |
|---|---|---|
| | | |
| 7 | ഇ.എം.എസ്.ഭവന പദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ പൂർണ്ണമായും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. | 3-7 |
| 8 | സാന്ത്വന പരിചരണം-സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഹോംവിസിറ്റ് ദിനങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. | 3-8 |
| 9 | പ്രത്യേക കന്നുകുട്ടിപരിപാലനം തുക കൈപ്പറ്റിയത് സംബന്ധിച്ച രേഖകളില്ല. കാലിതീറ്റ വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾ പ്രൊജക്ട് കാലയളവ് പൂർത്തിയാക്കിയിട്ടില്ല. ചെലവ് തുക ₹1,12,500 തടസ്സത്തിൽ വെക്കുന്നു | 3-9 |
| 10 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ -രേഖകൾ ഹാജരാക്കാത്തത് ₹8,43,578 തടസ്സപ്പെടുത്തുന്നു | 3-10 |
| 11 | സേവന നികുതി ഈടാക്കാത്തത് | 3-11 |
| 12 | ഒഴിഞ്ഞ ബാരൽ വില ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല | 3-12 |

ഭാഗം-4-ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| | അനുബന്ധം -1 (ഓഡിറ്റ് സർട്ടിഫിക്കറ്റ്) | |
| | അനുബന്ധം -2 (റസീറ്റ് & പേയ്മെന്റ്) | |
| | അനുബന്ധം -3 (ഇൻകം & എക്സ്പെൻഡിച്ചർ) | |
| | അനുബന്ധം -4 (ബാലൻസ് ഷീറ്റ്) | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.3.2016 തീയതിയിലെ 18 /16 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | ബജറ്റ് | യഥാർത്ഥത്തിലുള്ള വരവ് ചെലവ് |
|---|---|---|
| മുന്നിരിപ്പ് | 1,46,15,688.00 | 75,98,771 |
| വരവ് | 15,47,74,730.00 | 3,23,56,103 |
| ആകെ | 16,93,90,418.00 | 3,99,54,874 |
| ചെലവ് | 12,24,48,780.00 | 3,37,22,369 |
| നീക്കിയിരിപ്പ് | 4,69,41,638.00 | 62,32,525 |

ബജറ്റ് സിംഗിൾ എൻട്രി സിസ്റ്റത്തിലും, വാർഷിക ധനകാര്യ പത്രിക ഡബിൾ എൻട്രി സിസ്റ്റത്തിലും ആയതിനാൽ താരതമ്യം നടത്തിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരങ്ങൾ

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31.07.2017 | 17.6.2017 | തിരിച്ചയച്ചിട്ടില്ല | തിരിച്ചയച്ചിട്ടില്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് തരം & നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2016-17 | 24.7.2017&25.7.2017 | വിശേഷണങ്ങളോട് കൂടിയത്. ഇതേ റിപ്പോർട്ട് നം. തീയതി |

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ:

1) 2015 -16 വർഷത്തെ ബാലൻസ് ഷീറ്റിലെ B15 പ്രകാരമുള്ള വസ്തുനികുതിയിനത്തിൽ പിരിച്ചെടുത്ത തുക കഴിച്ചുള്ള നീക്കിയിരിപ്പ് തുക 2016-17- ലെ B4നീക്കിയിരിപ്പുതുകയുമായി പൊരുത്തപ്പെടുന്നില്ല.

2) 2016-17-ലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിലെ വസ്തുനികുതി (കറന്റ്) ഡിമാൻഡിൽ നിന്നും കളക്ഷൻ കഴിച്ച് ബാക്കിയുള്ള തുക 2016-17-ലെ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി സാംഖ്യയും, സഞ്ചയ്കയും പൊരുത്തപ്പെടുന്നില്ല.

3) ഡി & ഒ ഡിമാന്റ് കളക്ഷൻ, നീക്കിയിരിപ്പ് തുക സാംഖ്യയിൽ പൊരുത്തപ്പെടുന്നില്ല. സാംഖ്യയിലെ തുകയും രജിസ്റ്ററും തമ്മിലും പൊരുത്തപ്പെടുന്നില്ല.

4) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രജിസ്റ്ററിലുള്ള വരവ് വാർഷീക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല .

5) ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 1,225/- രൂപ ഈടാക്കിയിട്ടുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 775/- ആണ് രേഖപ്പെടുത്തിയത്.

6) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ബില്ലിൽ നിന്നും ഈടാക്കുന്ന നിയമപരമായ നികുതികൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുന്നില്ല.

7) “ലഹരി വിമുക്തി" ഇനത്തിൽ വിനിയോഗിക്കുവാൻ ബാക്കിയുള്ള ₹ 25,000 B4 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

8) അംഗൻവാടി പോഷകാഹാരം, അംഗൻവാടി സേവനങ്ങൾ എന്നിവ ഇൻകം & എക്സ്പെൻഡിച്ചർ പത്രികയിൽ I-14(a)സേവനമേഖലയിൽ ഉൾപ്പെടുത്തേണ്ടതിന് പകരം I-14ഉത്പാദനമേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

9) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തികവിശകലനം

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 75,98,771 |

| | |
|---|---|
| വരവ് | 3,23,56,103 |
| ആകെ | 3,99,54,874 |
| ചെലവ് | 3,37,22,349 |
| നീക്കിയിരിപ്പ് | 62,32,525 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | അലോട്ട്മെന്റ് | ആകെ തുക | ചെലവ് തുക | ചെലവഴിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 53,66,668 | 53,66,668 | 40,16,637 | 13,50,031 | 74.84 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3,60,642 | 3,60,642 | 3,50,000 | 10,642 | 97.05 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 10,086 | 10,086 | 10,086 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 42,41,772 | 42,41,772 | 38,85,905 | 3,55,867 | 91.61 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 25,54,755 | 25,54,755 | 23,63,506 | 1,91,249 | 92.51 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 30,09,622 | 30,09,622 | 24,80,587 | 5,29,035 | 82.42 |

| | | | | | | |
|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 0 | 17,07,944 | 17,07,944 | 16,93,601 | 14,343 | 99.1 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 424 | 5,10,753.00 *(രജിസ്റ്റർ പ്രകാരമുള്ള തുക) | 5,11,177.00 | 5,11,177.00 | 1000 | 99.80 |
| ബിഫണ്ട് | | 1,70,16,440 | 1,70,16,440 | 1,70,16,440 | | 100 |

*മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിവരവ് രജിസ്റ്ററും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 96 | 2,96,50,354 | 69 | 4 | 1,74,85,493 | 23 | 71.88 |

## 1-7 തനത് വരുമാനം.

തനതു വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് തൻവർഷം 41.05% വർദ്ധനവ് ഉണ്ട്.

| ഇനം | മുൻവർഷം 2015-16 | തൻവർഷം 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 23,57,962 | 39,31,815 | 15,73,853 | 66.74 |
| നികുതിയേതര വരവുകൾ (ഫീസുകൾ) | 3,22,757 | 3,31,281 | 8,524 | 2.64 |
| മറ്റ് വരവുകൾ | 8,32,641 | 6,92,710 | 1,39,931 | 16.8 |
| ആകെ | 35,13,360 | 49,55,806 | 14,42,446 | 41.05 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 66,000 | 42 |
| കർഷകതൊഴിലാളി പെൻഷൻ | 8,90,020 | 195 |
| വിധവാപെൻഷൻ | 64,01,420 | 538 |
| വാർദ്ധക്യകാലപെൻഷൻ | 71,72,440 | 564 |
| വികലാംഗപെൻഷൻ | 15,58,960 | 157 |
| അവിവാഹിതരായസ്ത്രീകൾക്കുള്ള പെൻഷൻ | 27,600 | 2 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 9,00,000 | 30 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.07.2017 അപരാഹ്നം 2.20-ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. ₹6,477 നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.6.2017 | 1.4.2017 മുതൽ 31.5.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.8.2003 മുതൽ 28.8.2003 വരെ | 1997-98 മുതൽ 2002-03 വരെ | 27.11.2003 |

## 1-11 ഗ്രാമസഭ

2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മിക്ക വാർഡുകളിലും 3 തവണ മാത്രമേ ഗ്രാമസഭ യോഗങ്ങൾ ചേർന്നിട്ടുള്ളൂ. ഗ്രാമസഭായോഗങ്ങളിൽ ക്വാറം തികയാനുള്ള ജനപങ്കാളിത്തം മാത്രമാണുള്ളത്.

| യോഗം ചേർന്ന തീയതി | വിഷയം |
|---|---|
| 07/2016 | മഴക്കാലപൂർവ്വ ശുചീകരണം, സാനിറ്റേഷൻ കമ്മിറ്റി തയ്യാറാക്കിയ ശുചിത്വമാപ്പിംഗ് പരിപാടി നടപ്പിലാക്കൽ. |
| | സാന്ത്വനപരിചരണപരിപാടിയെക്കുറിച്ചുള്ള ചർച്ച |
| 19.9.2016 | തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റ്, |

| | |
|---|---|
| | 2017-18 ലേബർ ബജറ്റ് അംഗീകരിക്കൽ, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ (പ്രത്യേക ഗ്രാമസഭ) |
| 25.9.2016 | 2015-16 വരവ് ചെലവ് കണക്ക് അംഗീകരിക്കൽ |
| | സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്തൃപട്ടിക അംഗീകരിക്കൽ |
| | 2012-13,2013-14 കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ട്, പെർഫോർമൻസ് ഓഡിറ്റ് റിപ്പോർട്ട് ചർച്ച. |
| | വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ |

ഭരണ നിർവഹണത്തിന്റെ അടിത്തറയായ ഗ്രാമസഭയിൽ ജനപങ്കാളിത്തം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ആഭ്യന്തര നിയന്ത്രണം

1994-ലെ കേരള പഞ്ചായത്തിരാജ് നിയമത്തിലെ 180-ാം വകുപ്പ് പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ മുഴുവൻ ജീവനക്കാരും (റഗുലർ ജീവനക്കാർ) സർക്കാർ ജീവനക്കാർ എന്നനിലയിൽ സർക്കാർ പുറപ്പെടുവിക്കുന്ന നിയമനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം തന്നെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാർ എന്ന നിലയിൽ ഗ്രാമ പഞ്ചായത്ത് ഏൽപ്പിക്കുന്ന നിയമാനുസൃത ഉത്തരവുകൾ നിർവഹിക്കേണ്ടതുമാണ്.

ഇത് സംബന്ധിച്ച് ത.സ്വ.ഭ .വ സെക്രട്ടറിയുടെ 3.11.2006 ലെ 45778/പി എ 3/2006 സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ 18/1/2007 ലെ H1/13880/2006 പുറപ്പെടുവിച്ച പ്രത്യേക കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം ശക്തിപ്പെടുത്തേണ്ടുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് പ്രധാന വിവരങ്ങൾ താഴെ കൊടുക്കുന്നു.

(ഒന്ന്) സ്റ്റാഫ് മീറ്റിങ് : ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചയത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച് ചേർക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവിടെ ഇത് കൃത്യമായി നടപ്പിൽ വരുത്തിയിട്ടില്ല. ഹാജരാക്കിയ രജിസ്റ്റർ പ്രകാരം 12/16, 1/17, 2/17 എന്നീ മാസങ്ങളിൽ പ്രതിമാസ സ്റ്റാഫ് മീറ്റിങ്ങ് കൂടിയിട്ടില്ല.

പ്രതിമാസ യോഗങ്ങൾ ചേർന്ന് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ

ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(രണ്ട്) ഓഫീസ് ഉത്തരവ് : ഓഡിറ്റ് കാലയളവിൽ പുറപ്പെടുവിച്ച ഓഫീസ് ഉത്തരവുകളിൽ ജീവനക്കാർക്ക് ചുമതലകൾ എല്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(മൂന്ന്) വ്യക്തി വിവര റജിസ്റ്റർ സൂക്ഷിപ്പ് : ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.മറ്റുനിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചേർത്തിട്ടില്ല.ഇവ ഉൾപ്പെടുത്തേണ്ടതാണ്.

(നാല്) കാഷ്വൽ ലീവ് റജിസ്റ്റർ :കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്

## **1-13** ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിദാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങളിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രകൃതി ക്ഷോഭം രോഗാവസ്ഥ മുതലായ ദുരിതങ്ങളാൽ കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ഉദ്ദ്യേശത്തോടെ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കലാകായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധിയിലേക്ക് ധനസമാഹരണം നടത്തണമെന്ന് പ്രസ്തുത ആക്ട് സെക്ഷൻ 3(2) വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ ഇതിനായി സർവ്വീസ് സഹകരണബാങ്കിൽ 2005ൽ ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ 31-3-2017 തീയതിയിൽ ₹ 1,739 നീക്കിയിരിപ്പുണ്ട്. ഇതുവരെയായി ഈ നിധിയിലേക്ക് ₹ 2,500 മാത്രമാണ്ധനസഹായം ലഭിച്ചത് .ഇതിൽ നിന്നും 3 പേർക്ക് @ ₹ 500 ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ ഒരു സബ്കമ്മിറ്റി പരിശോധിച്ച് അർഹരായവർക്ക് ധനസഹായം നൽകുവാൻ ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സന്ദർഭം ആവശ്യപ്പെടുന്ന പക്ഷം അടയന്തിരഘട്ടങ്ങളിൽ അപേക്ഷയുടെ അഭാവത്തിൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന് അർഹരായ വ്യക്തികൾക്ക് അല്ലെങ്കിൽ കുടുംബത്തിന് 500 വരെ ധനസഹായം നൽകാവുന്നതാണ്. 2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപികരണവും വിനിയോഗവും ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായത്തിന് അപേക്ഷിച്ചവരുടെയും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകിയവരുടെയും വിവരങ്ങൾ ഗ്രാമസഭയിൽ അറിയിക്കേണ്ടതുണ്ട്. പ്രകൃതിക്ഷോഭം, മാറാരോഗം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന ഗ്രാമ പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ട് സ്വരൂപിച്ച ദുരിതാശ്വാസ നിധിയുടെ ഗുണഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാൻ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അനധികൃത കെട്ടിടങ്ങൾക്കെതിരെ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല

1. ഇരിക്കൂർ ഗ്രാമ പഞ്ചായത്തിന്റെ അനധികൃത ബിൽഡിംഗ് രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന കെട്ടിടങ്ങളാണ് അനധികൃതമായി നിർമ്മിച്ചിട്ടുള്ളത്.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര് | കെട്ടിടം ഉൾപ്പെടുന്ന വിഭാഗം | കെട്ടിടത്തിന്റെ വിസ്തീർണ്ണം ച.മീ. | നിർമ്മാണം പൂർത്തീകരിച്ച തിയ്യതി |
|---|---|---|---|---|
| 1 | നടുക്കണ്ടി വിളക്കത്ത് മുഹമ്മദ് അസ്ലം | വാണിജ്യം | 369 | 08/01/13 |
| 2 | കെ.അബ്ദുൾ സലാം | വാണിജ്യം | 1483 | 15/02/13 |
| 3 | കെ.അയൂബ് | വാണിജ്യം | 293.4 | 25/02/13 |
| 4 | എ.പി.മൂസാൻ,കെ.മറിയുമ്മ | വാണിജ്യം | 759 | 05/02/12 |
| 5 | റിയാസ് എ. | വാണിജ്യം | 427.54 | 05/02/12 |
| 6 | ഷഫീർ ടി.സി. | വാസഗൃഹം | 109.32 | --- |

മേൽ കെട്ടിടങ്ങളുടെ നികുതി കണക്കാക്കുകയോ,ഡിമാന്റ് നോട്ടീസ് അയക്കുകയോ ചെയ്തതായി കാണുന്നില്ല. മുകളിൽ പറഞ്ഞ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഡി&ഒ ലൈസൻസ് ഇല്ലാതെയാണോ മേൽ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നും പരിശോധിക്കേണ്ടതും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

2. ഇരിക്കൂർഗ്രാമ പഞ്ചായത്തിൽ റീ.സർവ്വേ നം.104/2 ൽ റിയാസ് എ.എന്നവരുടെ പേരിൽ നിർമ്മിച്ച കെട്ടിടം റെഗുലറൈസ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ മറുപടി (നം.12167/ആർ.ബി.2/2015/എൽ.എസ്.ജി.ഡി. തിയ്യതി.21-10-2016) പ്രകാരം അപേക്ഷ നിരാകരിച്ചതായി അറിയിച്ചിട്ടുണ്ട്. ഇതിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തുടർ നടപടികൾ ഉണ്ടായിട്ടില്ല.പ്രസ്തുത കെട്ടിടത്തിൽ നിലവിൽ സൂപ്പർ മാർക്കറ്റ് പ്രവർത്തിച്ച് വരുന്നതായി കാണുന്നു.ഡി&ഒ ലൈസൻസ് ഇല്ലാതെയാണോ മേൽ സ്ഥാപനം പ്രവർത്തിക്കുന്നത് എന്ന് പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. 2016-17 ന്യൂബിൽഡിംഗ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്ക് യു.എ.നമ്പർ നൽകിയതായി കാണുന്നു. പ്രസ്തുത ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട ഉടമ | കെട്ടിടം ഉൾപ്പെടുന്ന വിഭാഗം | കെട്ടിടത്തിന്റെ വിസ്തീർണ്ണം ച.മീ. | നിർമ്മാണം പൂർത്തീകരിച്ച തിയ്യതി |
|---|---|---|---|---|
| 1 | നടുക്കണ്ടി ചാക്കേത്ത് | വാണിജ്യം | 125.14 | 28-01-2013 |

| | | | | |
|---|---|---|---|---|
| | മുഹമ്മദ് അസ്ലം | | | |
| 2 | കിണാക്കൂൽ അബ്ദുൾ സലാം | വാണിജ്യം | 636.85 | 10-02-2013 |
| 3 | എ.പി.മൂസാൻ,കെ.മറിയുമ്മ | താമസം | 110.39 | ലഭ്യമല്ല. |
| 4 | രാവാരിപ്പാത്ത് വാനേരി ഷാജഹാൻ,കീത്തടത്ത് സഫീറ | വാണിജ്യം | 255.36 | 05-02-2012 |
| 5 | രാവാരിപ്പാത്ത് വാനേരി ഷാജഹാൻ | വാണിജ്യം | 12 | 05-02-2012 |
| 6 | കിണാക്കൂൽ അയ്യൂബ് | വാണിജ്യം | 201.39 | 2012-13 |

മുകളിൽ പറഞ്ഞ കെട്ടിടങ്ങളിൽ വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഡി&ഒ ലൈസൻസ് ഇല്ലാതെയാണോ മേൽ കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്നും പരിശോധിക്കേണ്ടതും ഇത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി അപാകങ്ങൾ

1.തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(i)ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| സ്ഥാപനം | കാലയളവ് |
|---|---|
| ടി.വി.എഞ്ചിനിയേർസ്, പെരുവളത്ത് പറമ്പ് | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

(ii)ഇരിക്കൂർ ഗ്രാമ പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരൻ/തസ്തിക | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ക്ഷീര വികസന ഓഫീസ് | 1.ബീന പി.വി., ഡി.ഇ.ഒ.<br>2.സിന്ധു എം.,ക്ലർക്ക്<br>3.ദിജേഷ് കെ. | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |
| 2 | ബി.എസ് .എൻ.എൽ | 1.അജയകുമാർഎൻ. TM(S)<br>2.ഉണ്ണികൃഷ്ണൻ പി.വി. SDE(S)<br>3.സന്ദീപ് വി JTO(S)<br>4.വിനോദ് തയ്യിൽ<br>5.രാധാകൃഷ്ണൻ കെ.പി.<br>6.ബാലകൃഷ്ണൻ പി.കെ. | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ<br>2016-17 രണ്ടാം അർദ്ധ വർഷം<br>2016-17 രണ്ടാം അർദ്ധ വർഷം<br>2016-17 ഒന്നാം അർദ്ധ വർഷം<br>2016-17 ഒന്നാം അർദ്ധ വർഷം<br>2016-17 ഒന്നാം അർദ്ധ വർഷം |
| 3 | വില്ലേജ് ഓഫീസ്, ഇരിക്കൂർ | ഉണ്ണികൃഷ്ണൻ കെ. | 2016-17ഒന്നും രണ്ടും അർദ്ധ വർഷങ്ങൾ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/16-17 തിയ്യതി.26-07-2017) മേൽസ്ഥാപനങ്ങളിൽ നിന്നും ചില ജീവനക്കാർ സ്ഥലം മാറിപ്പോയതായും ഇവരുടെ വിവരങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട് എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. തൊഴിൽ നികുതി ഈടാക്കുവാൻ ബാക്കിയുണ്ടെങ്കിൽ ഈടാക്കേണ്ടതും അല്ലാത്തപക്ഷം കൃത്യമായ വിശദീകരണം നൽകേണ്ടതുമാണ്.

3.ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങൾ, ഡ്രൈവിംഗ് സ്കൂളുകൾ എന്നിവയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4.ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ വ്യാപാരികളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയ ട്രേഡേഴ്സ് ലിസ്റ്റ്
സൂക്ഷിച്ചിട്ടില്ല.

(1)ഡി & ഒ ലൈസൻസ് ഫീ - അപേക്ഷകൾ അപൂർണ്ണം

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ മിക്കതിലും ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷ സമർപ്പിച്ച തീയ്യതി, അന്വേഷണ റിപ്പോർട്ട് , സാനിറ്ററി സർട്ടിഫിക്കറ്റ്, സമ്മതപത്രം, എന്നിവ ചേർത്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | അപേക്ഷകൻ | വാർഡ്/കെട്ടിട നം | ആവശ്യം | ഇല്ലാത്ത രേഖകൾ |
|---|---|---|---|---|
| 1 | ഹുസൈൻ ഹാജി | X /185A | ടൈൽസ്,ഗ്രാനൈറ്റ്സ് പ്ലംബിംഗ്, വയറിംഗ് സാധനങ്ങളുടെ സംഭരണവും വിൽപനയും | ദിവസ വരുമാനം രേഖപ്പെടുത്താത്തത് |
| 2 | കെ.ടി.മമ്മൂട്ടി | VII/50C | ഭക്ഷ്യവസ്തുക്കൾ സംഭരണം , വിൽപന. | ദിവസ വരുമാനം രേഖപ്പെടുത്താത്തത് |
| 3 | കിണാക്കുൽ നാസർ | V/34-D | പെട്രോളിയം കോമ്പൗണ്ടുകളുടെ സംഭരണവും വിൽപനയും | അന്വേഷണ റിപ്പോർട്ട് ഇല്ലാത്തത് |
| 4 | മുസ്തഫ എം.പി. | VI/299-A | എം.പി.സ്റ്റോർ | അന്വേഷണ റിപ്പോർട്ട് ഇല്ലാത്തത് |
| 5 | പ്രഷാന്ത് എം.കെ. | III/308 | വാഹന റിപ്പയർ നടത്താൻ | സമ്മതപത്രം ഹാജരാക്കാത്തത് |
| 6 | പള്ളിപ്പാത്ത് ജമാലുദ്ദീൻ | IX/387 | ഭക്ഷ്യവസ്തുക്കൾ സംഭരണം ,വിൽപന. | സമ്മതപത്രം ഹാജരാക്കാത്തത് |
| 7 | മാങ്ങാടൻ ഇബ്രാഹിം | 6/514 | ഹോട്ടൽ | സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് |
| 8 | പി.രാമകൃഷ്ണൻ | 9/526 | ചായക്കട | സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് |
| 9 | ജയന്തി.ആർ<br>ജയ സിമന്റ് പ്രൊഡക്ട്സ് | XII/239 | 01-04-2016 മുതൽ<br>31-03-2017<br>വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി |

| | | | | |
|---|---|---|---|---|
| | | | | 09-10-2015 വരെ മാത്രം |
| 10 | കെ.ബാലകൃഷ്ണൻ നായർ<br>ശ്രീ ലക്ഷ്മി ഫ്യുവൽസ് | III/307 | 01-04-2016 മുതൽ<br>31-03-2017<br>വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി. |
| 11 | അബ്ദുൾ സമദ് കെ.പി.<br>ഭക്ഷ്യ വസ്തുക്കൾ യന്ത്രമുപയോഗിച്ച് പൊടിക്കൽ | IV/114 | 01-04-2016 മുതൽ<br>31-03-2017<br>വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31-01-17 വരെ മാത്രം |
| 12 | മാമു വളപ്പിന്റകത്ത്<br>ഫ്ളോർ മിൽ | III/164 | 01-04-2016 മുതൽ<br>31-03-2017<br>വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31-01-2017 വരെ മാത്രം |
| 13 | ചെറിയാൻ കുരുകിലാം കാട്ടിൽ | I/271 | 01-04-2016 മുതൽ<br>31-03-2017<br>വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31-01-2017 വരെ മാത്രം |
| 14 | പ്രകാശൻ സി.<br>സോഡാ നിർമ്മാണം | I/62 | 01-04-2016 മുതൽ<br>31-03-2017<br>വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 30-11-2016 വരെ മാത്രം |
| 15 | സുധീർ ഇ.കെ.<br>സ്കഫോൾഡ് | I/270 | 01-04-2016 മുതൽ<br>31-03-2017 | 1.മലിനീകരണ നിയന്ത്രണ |

| | | | | |
|---|---|---|---|---|
| | വെൽഡിംഗ് യൂണിറ്റ് | | വരെ | ബോർഡിന്റെ അനുമതി<br>2.അഗ്നി ശമന വകുപ്പിന്റെ നിരാക്ഷേപ പത്രം |
| 16 | പ്രശാന്തി ക്ലിനിക്ക് | ലഭ്യമല്ല | ക്ലിനിക്ക് | ഡി.ഒ. ലൈസൻസ് , പാരാമെഡിക്കൽ രജിസ്ട്രേഷൻ, ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട് |
| 17 | ആർ.എസ്. ഹോസ്പിറ്റൽ | ലഭ്യമല്ല | ഹോസ്പിറ്റർ | ഡി.ഒ. ലൈസൻസ് ഇല്ലാത്തത് |

അപാകതകൾ പരിഹരിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ല.

## 2-3 ഡി.&ഒ ലൈസൻസ് അപാകങ്ങൾ

ഡി.&ഒ. ലൈസൻസ് ഫീ - അപേക്ഷകൾ അപൂർണ്ണം

ഇരിക്കൂർ ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ മിക്കതിലും ഒരു ദിവസത്തെ വിറ്റുവരവ്, അപേക്ഷ സമർപ്പിച്ച തീയ്യതി, അന്വേഷണ റിപ്പോർട്ട്, സാനിറ്ററി സർട്ടിഫിക്കറ്റ്, സമ്മതപത്രം, എന്നിവ ചേർത്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | അപേക്ഷകൻ | വാർഡ്/<br>കെട്ടിട നമ്പർ | ആവശ്യം | ഇല്ലാത്ത രേഖകൾ |
|---|---|---|---|---|
| 1 | ഹുസൈൻ ഹാജി | C/185A | ടൈസ്, ഗ്രാനൈറ്റ്സ്, പ്ലംബിംഗ്, വയറിംഗ് സാധനങ്ങളുടെ സംഭരണവും വിൽപനയും | ദിവസ വരുമാനം രേഖപ്പെടുത്താത്തത് |

| | | | | |
|---|---|---|---|---|
| | | | | |
| 2 | കെ.ടി.മമ്മൂട്ടി | VII/50C | ഭക്ഷ്യവസ്തുക്കൾ സംഭരണം, വിൽപന. | ദിവസ വരുമാനം രേഖപ്പെടുത്താത്തത് |
| 3 | കിണാക്കുൽ നാസർ | V/34-D | പെട്രോളിയം കോമ്പൗണ്ടുകളുടെ സംഭരണവും വിൽപനയും | അന്വേഷണ റിപ്പോർട്ട് ഇല്ലാത്തത് |
| 4 | മുസ്തഫ എം.പി. | VI/299-A | എം.പി. സ്റ്റോർ | അന്വേഷണ റിപ്പോർട്ട് ഇല്ലാത്തത് |
| 5 | പ്രഷാന്ത് എം.കെ. | III/308 | വാഹന റിപ്പയർ നടത്താൻ | സമ്മതപത്രം ഹാജരാക്കാത്തത് |
| 6 | പള്ളിപ്പാത്ത് ജമാലുദ്ദീൻ | IX/387 | ഭക്ഷ്യവസ്തുക്കൾ സംഭരണം വിൽപന | സമ്മതപത്രം ഹാജരാക്കാത്തത് |
| 7 | മാങ്ങാടൻ ഇബ്രാഹിം | 6/514 | ഹോട്ടൽ | സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് |
| 8 | പി.രാമകൃഷ്ണൻ | 9/526 | ചായക്കട | സാനിറ്ററി സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് |

| | | | | |
|---|---|---|---|---|
| | | | | |
| 9 | ജയന്തി. ആർ. ജയസിമന്റ് | XII/239 | 01.04.2016 മുതൽ<br>31.03.2017 വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 09.10.2015 വരെ മാത്രം |
| 10 | കെ.ബാലകൃഷ്ണൻ നായർ<br>ശ്രീ ലക്ഷ്മി ഫ്യൂവൽസ് | III/307 | 01.04.2016 മുതൽ<br>31.03.2017 വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി |
| 11 | അബ്ദുൾ സമദ് കെ.പി.<br>ഭക്ഷ്യ വസ്തുക്കൾ യന്ത്രമുപയോഗിച്ച് പൊടിക്കൽ | IV/114 | 01.04.2016 മുതൽ<br>31.03.2017 വരെ | മലിനീകരണ നയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31.01.17 വരെ മാത്രം |
| 12 | മാമു വളപ്പിന്റകത്ത് ഫ്ലോർ മിൽ | III/164 | 01.04.2016 മുതൽ<br>31.03.2017 വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31.01.2017 വരെ മാത്രം |

| | | | | |
|---|---|---|---|---|
| | | | | |
| 13 | ചെറിയാൻ കരുകിലാം കാട്ടിൽ | I/271 | 01.04.2016 മുതൽ 31.03.2017 വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 31.01.2017 വരെ മാത്രം |
| 14 | പ്രകാശൻ സി. സോഡാ നിർമ്മാണം | I/62 | 01.04.2016 മുതൽ 31.03.2017 വരെ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി കാലാവധി 30.11.2016 വരെ മാത്രം |
| 15 | സുധീർ ഇ.കെ സ്കഫോൾഡ് വെൽഡിംഗ് യൂണിറ്റ് | I/270 | 01.04.2016 മുതൽ 31.03.2017 വരെ | 1. മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി 2. അഗ്നി ശമന വകുപ്പിന്റെ നിരാക്ഷേപ പത്രം |
| 16 | പ്രശാന്തി ക്ലിനിക്ക് | ലഭ്യമല്ല | ക്ലിനിക്ക് | ഡി.ഒ. ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ഫീൽഡ് |

| | | | | |
|---|---|---|---|---|
| | | | | സ്റ്റാഫിന്റെ റിപ്പോർട്ട് |
| 17 | എസ്.ആർ. ഹോസ്പിറ്റൽ | ലഭ്യമല്ല | ഹോസ്പിറ്റൽ | ഡി.ഒ. ലൈസൻസ് ഇല്ലാത്തത് |

അപാകതകൾ പരിഹരിക്കേണ്ടതാണ്. അപേക്ഷ സമർപ്പിച്ച എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഇഷ്യൂ ചെയ്തിട്ടില്ല.

## 2-4 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം-3 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിലെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടില്ല. എന്നാൽ ഇരിക്കൂർ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തതിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | പ്രശാന്തി ക്ലിനിക് |
| 2 | എസ്.ആർ.ഹോസ്പിറ്റൽ |

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം രജിസ്റ്റർ ചെയ്യാതെയോ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുശേഷവും തുടർന്നും ഒരു സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപവരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷക്കപ്പെടേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 2-5 ബസ് സ്റ്റാന്റ് യൂസേർസ് ഫീ പിരിവ്-അപാകങ്ങൾ

ഇരിക്കൂർ ഗ്രാമ പഞ്ചായത്ത് ബസ് സ്റ്റാന്റ് യൂസേർസ് ഫീ പിരിവിനായി പഞ്ചായത്ത് ദിവസ വേതന വ്യവസ്ഥയിൽ സ്വകാര്യവ്യക്തിയെ ഏൽപ്പിച്ചിരിക്കുകയാണ്.ബസ് സ്റ്റാന്റ് യൂസേർസ് ഫീ പിരിവിനായി പഞ്ചായത്ത് അനുവദിച്ച രസീത് ബുക്കുകൾ ,കളക്ഷൻ രജിസ്റ്റർ

എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ആയതിനാൽ വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ബസ്സ്റ്റാന്റ് ഉപയോഗിക്കുന്ന ബസ്സുകളുടെ എണ്ണം,ഒരു ബസ്സിൽ നിന്നും ഈടാക്കുന്ന തുക എന്നീ വിവരങ്ങൾ ലഭ്യമാക്കിയില്ല.ബസ്സ് സ്റ്റാന്റിൽ മറ്റ് ടാക്സി വാഹനങ്ങളും പാർക്കു ചെയ്യുതായി കാണുന്നു.ഇവയിൽ നിന്ന് ഫീ ഈടാക്കുന്നുണ്ടോ എന്ന് വ്യക്തമല്ല.കൂടാതെ ബസ് സ്ററാന്റ് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടോ എന്നും വ്യക്തമല്ല.ഇത് സംബന്ധിച്ച നൽ കിയ എൻക്വയറിക്ക് (നം.25/16-17 തിയ്യതി.28-07-2017) മറുപടി ലഭ്യമാക്കിയില്ല.ബസ് സ്റ്റാന്റ് വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ബൈലോ തയ്യാറാക്കി ഗവൺമെന്റ് അംഗീകാരം വാങ്ങേണ്ടതാണ്.പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ ഉതകുന്ന ഇത്തരം കാര്യങ്ങളിലേക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 വാടക-അപാകങ്ങൾ

ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുടുംബശ്രീ വിപണന കേന്ദ്രം കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട ഫയലുകൾ രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് ബൈലോ തയ്യാറാക്കി ഗവൺമെന്റ് അംഗീകാരം വാങ്ങിയിട്ടില്ല.

2.2016-17 വർഷം വാടകക്കാരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല.

3.മർഹബ കുടംബശ്രീയിൽ നിന്നും താഴെ പറയും പ്രകാരമുള്ള വാടക ഈടാക്കിയിട്ടില്ല.

| റൂം നം. | വാടകക്കാരൻ | പ്രതിമാസ വാടക | ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|
| .VI-529 | മർഹബ കുടുംബശ്രീ | 945 രൂപ | ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക 1890+പിഴപ്പലിശ |

തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

4. റൂം നം.VI-531 ഉദയ കുടുംബശ്രീയ്ക്ക് വാടകയ്ക്ക് നൽകിയിരുന്നു. 2016-17 വർഷത്തെ ആകെ വാടക 29-03-2017-ന് ഒടുക്കിയിട്ടുണ്ട്. എന്നാൽ ഇവരിൽ നിന്നും പിഴ പലിശ കുടിശ്ശിക ഈടാക്കിയിട്ടില്ല. തുക ബന്ധപ്പെട്ട കക്ഷിയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

5. 2016-17 സാമ്പത്തിക വർഷത്തിൽ ഒഴിഞ്ഞു കിടന്ന റൂമുകളുടെ വിവരം ലഭ്യമാക്കുവാൻ

എൻക്വയറി (നം.22/16-17 തിയ്യതി.27-07-2017) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-7 ഇ-ടെണ്ടർ ഫോറം വില ഈടാക്കാത്തത്

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽനിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫോറം വില |
|---|---|---|
| 1 | ഗാന്ധി റോഡ് മെറ്റലിംഗ് &ടാറിംഗ് | 1,260 |
| 2 | പഞ്ചായത്ത് വിപണനകേന്ദ്രം നിർമ്മാണം | 2,625 |
| 3 | പട്ടുവം അംഗൻവാടി നിർമ്മാണം | 2,625 |

ഇ-ടെണ്ടർ ഫോറം വില 2625 രൂപ പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യേണ്ടതാണ്.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | മരുന്നുവാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 21/17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ആയുർവേദം |
| അടങ്കൽ | ₹1,00,000/-(വികസന ഫണ്ട്) |
| ബിൽ നമ്പർ | 3/16-17 |
| ബിൽ തീയതി | 05-12-2016 |

മെഡിക്കൽ ഓഫീസർ ആയുർവേദം നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പ്രൊജക്റ്റിൽ

കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴയിൽ നിന്ന് 1,00,000/- രൂപയുടെ ഹോമിയോ മരുന്ന് വാങ്ങുകയായിരുന്നു ലക്ഷ്യം. കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ആലപ്പുഴക്ക് 1,00,000/- രൂപയുടെ ഡി.ഡി. (ഡി.ഡി.നമ്പർ185548/5-12-16 ) അയച്ചതായും 13-12-16 ൽ തുക അവർ കൈപ്പറ്റിയതായും ഫയലിൽ കാണുന്നു. ഇൻവോയ്സ് നം.എൽ.എഫ്.1431/29-03-17 പ്രകാരം 32,000/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കി, ആയത് സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. 68,000/- രൂപയുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.10/16-17 തിയ്യതി 24-07-2017)പ്രസ്തുത സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ഫോണിൽ ബന്ധപ്പെട്ടു എന്നും എത്രയും പെട്ടെന്ന് മരുന്ന് ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. മരുന്ന് ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 3-2 കാർഷീക പ്രൊജക്ടിലെ സബ്സിഡി അനുവദിക്കുന്നതിൽ ഐകരൂപ്യമില്ല

പ്രൊജക്ട് നം. എസ്.0040 /17

തെങ്ങുകൃഷിക്ക് കുമ്മായം, ജൈവവളം,രോഗംബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം തൈ നടീൽ

അടങ്കൽ- ₹. 1,49,136

ചെലവ് ₹. 1,00,048

ബിൽ നം. 5 /2016-17 തീയതി 29-3-2017 തുക-₹ 1,00,048

നിർവ്വഹണം- കൃഷി ഓഫീസർ

2016-17 വർഷം നടപ്പാക്കിയ പ്രസ്തുത പ്രൊജക്ടിൽ 61 ഗുണഭോക്താകളുടെ 1912 തെങ്ങുകൾക്ക് വേപ്പിൻപിണ്ണാക്ക് വിതരണം ചെയ്തിട്ടുണ്ട് 1 തെങ്ങിന് 3 കി.ഗ്രാം വേപ്പിൻപിണ്ണാക്കാണ് പ്രൊജക്ടിൽ വിതരണത്തിന് നിശ്ചയിച്ചിട്ടുള്ളത് വേപ്പിൻ പിണ്ണാക്ക് കി.ഗ്രാമിന് 26 രൂപ നിരക്കാണ് പ്രൊജക്ടിൽ പരമാവധി സബ്സിഡിക്ക് പരിഗണിക്കുന്നത്. പ്രൊജക്ടിൽ ഹാജരാക്കിയ രേഖകൾ പ്രകാരം ഗുണഭോക്താവ് നേരിട്ട് വേപ്പിൻ പിണ്ണാക്ക് വാങ്ങുകയും ബില്ലിലെ തുകയ്ക്ക് അനുസൃതമായി സബ്സിഡി നിരക്കായ75% ൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിക്കുന്നത്. ഗുണഭോക്താകൾ ഹാജരാക്കിയ വേപ്പിൻപിണ്ണാക്കിന്റെ ബില്ലിൽ വ്യത്യസ്ത സ്ഥലങ്ങളിൽ നിന്നും വാങ്ങിയതിന് വ്യത്യസ്ത നിരക്കാണ് കാണിച്ചിട്ടുള്ളത്. കൃഷികേന്ദ്ര ഫെർട്ടിലൈസേർസ് & കെമിക്കൽസ് ശ്രീകണ്ഠാപുരം എന്ന സ്ഥാപനത്തിൽ നിന്നും കർഷകർ വാങ്ങിയിട്ടുള്ള വേപ്പിൻപിണ്ണാക്ക് കി.ഗ്രാമിന് 30 രൂപ നിരക്കിലാണ് നൽകിയിട്ടുള്ളത്. എന്നാൽ EMBLEM Dealers, ശ്രീകണ്ഠാപുരം എന്ന സ്ഥാപനത്തിൽ നിന്നും വേപ്പിൻ പിണ്ണാക്ക് കി.ഗ്രാമിന് 20 രൂപ നിരക്കിലുമാണ് വിതരണം ചെയ്തിട്ടുള്ളത്. ഈ വിധം വ്യത്യസ്ത നിരക്കിൽ വിതരണം ചെയ്ത വേപ്പിൻ പിണ്ണാക്കിന് കി.ഗ്രാ 30 രുപയ്ക്ക് വാങ്ങിയതിന് പ്രൊജക്ടിൽ നിശ്ചയിച്ചവിധം പരമാവധി കിലോഗ്രാമിന് 26 രൂപയുടെ 75% നിരക്കിലും കി.ഗ്രാമിന്, 20 രൂപയ്ക്ക് വാങ്ങിയതിന് 20 രൂപയുടെ 75% നിരക്കിലുമാണ്

ഗുണഭോക്താകൾക്ക് സബ്സിഡി അനുവദിച്ചിട്ടുള്ളത്. വേപ്പിൻ പിണ്ണാക്കിന്റെ വ്യത്യസ്ത നിരക്ക് കാരണം ഒരെ പ്രൊജക്ടിൽ വ്യത്യസ്ത നിരക്കിലാണ് ഗുണഭോക്താകൾക്ക് സബ്സിഡി അനുവദിക്കപ്പെടുന്നത്. വേപ്പിൻപിണ്ണാക്കിന് ജൈവവളത്തിൽ ഉൾപ്പെടുത്തി ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പർച്ചേസ് കമ്മറ്റി മുഖാന്തിരം വേപ്പിൻപിണ്ണാക്ക് ജൈവവളം വിതരണ പ്രൊജക്ട് നടപ്പാക്കുന്നത്പോലെ വാങ്ങി കേന്ദ്രികൃതമായി വിതരണംചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## **3-3** എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറിനിർമ്മാണം പ്രൊജക്ട് ചെലവ് രേഖകൾ പൂർണ്ണമല്ല ചെലവ് തുക ₹ 2,00,000 തടസ്സത്തിൽവെക്കുന്നു.

പ്രൊജക്ട് നം.35 /2016-17

പഠനമുറിനിർമ്മാണം ( എസ്.സി)

പ്രൊജക്ട് അടങ്കൽ തുക- ₹ 2,00,000

ചെലവ് തുക- ₹ 2,00,000

നിർവ്വഹണം- അസി.സെക്രട്ടറി

ബിൽ നം. 2/2016-17 തീയതി, 28-2-2017 -40,000

ബിൽ നം. 5/2016-17 തീയതി, 28-2-2017- 60,000

ബിൽ നം. 7/2016-17 തീയതി, 30-3-2017- 1,00,000

--------------

ആകെ - 2,00,000

സ.ഉ (സാധാ) നം.626 /2016 ത.സ്വ ഭ.വ , തീയതി 15-2-2016 ൽ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ച് നൽകൽ എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ ഈ പ്രൊജക്ടിൽ ആനുകൂല്യത്തിനായി തിരഞ്ഞെടുക്കുന്ന ഗുണഭോക്താകൾ താഴെപറയുന്ന നിബന്ധനകൾ പാലിക്കേണ്ടതുണ്ട്.

1. ഗുണഭോക്താവിന് നിലവിൽ വാസയോഗ്യമായ വീട് ഉണ്ടായിരിക്കണം

2.നിലവിലെ വീട് 800 ച.അടിയിൽ താഴെ ആയിരിക്കണം

3. നിർമ്മിക്കുന്ന പഠനമുറിക്ക് 120 ച.അടിയിൽ കുറയാത്ത വിസ്തീർണ്ണം ഉണ്ടായിരിക്കണം

4.നിർമ്മിക്കുന്ന മുറിയുടെ എസ്റ്റിമേറ്റും, എഞ്ചിനിയർ മെഷർമെന്റും അടിസ്ഥാനമാക്കി വേണം ധനസഹായം

അനുവദിക്കാൻ.

5. ഈ പ്രൊജക്റ്റിൽ ആനുകൂല്യത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നും ഈയിനത്തിൽ ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ് ലഭ്യമാക്കണം. ഇത് സംബന്ധിച്ച് മേൽപ്രസ്താവിച്ച രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണകുറിപ്പ് (നം.3 /16-17 തീയതി 22-7-2017) പ്രകാരം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ മുറി നിർമ്മിച്ചത് സംബന്ധിച്ച് എഞ്ചിനിയർ അംഗീകരിച്ച മൂല്യനിർണ്ണയരേഖ, നിർമ്മിച്ച മുറികളുടെ അംഗീകരിച്ച പ്ലാൻ എന്നിവ ഹാജരാക്കിയില്ല. പഠനമുറി നിർമ്മിച്ചുനൽകുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം.626 /2016 ത.സ്വ ഭ.വ, തീയതി 15-2-2016 പ്രകാരം എഞ്ചിനിയർ മൂല്യനിർണ്ണയരേഖയുടെ അടിസ്ഥാനത്തിൽവേണം ഗുണഭോക്താവിന് തുക അനുവദിക്കേണ്ടത്. ആയതിനാൽ ഈയിനത്തിലെ ചെലവ് തുക₹ 2,00,000 ഓഡിറ്റ് തടസ്സത്തിൽവെക്കുന്നു. പ്രവൃത്തിയുടെ നിർവ്വഹണം സംബന്ധിച്ച് എഞ്ചിനിയർ സാക്ഷ്യപെടുത്തിയ മൂല്യനിർണ്ണയരേഖ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-4 IAY ബ്ലോക്ക് വിഹിതം നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമക്കേണ്ടതാണ്.

പ്രൊജക്റ്റ് നം.88/16-17

IAY പഞ്ചായത്ത് വിഹിതം നൽകൽ

പ്രൊജക്റ്റ് അടങ്കൽ തുക- ₹ 50,000

പ്രൊജക്റ്റ് ചെലവ് തുക - ₹50,000

ബിൽ നം. 1/2016-17 , തീയതി 28-2-2017

IAY ഭവന പദ്ധതി പ്രകാരം 2 പട്ടികജാതി ഗുണഭോക്താകൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ബ്ലോക്ക് വിഹിതമായി ₹ 50,000 രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-5 തെരുവുവിളക്ക് സ്ഥാപിക്കൽ നടപടിക്രമങ്ങളിൽ വീഴ്ച ₹ 3,99,024 രൂപയുടെ ചെലവ് തടസ്സത്തിൽവെക്കുന്നു.

പ്രൊജക്റ്റ് നം. എസ്. 0027/17

തെരുവുവിളക്ക് വാങ്ങലും സ്ഥാപിക്കലും

പ്രൊജക്റ്റ് അടങ്കൽ - ₹ 4,00,000 (വികസന ഫണ്ട്)

ചെലവ് തുക- ₹ 3,99.024. ബിൽ നം. 3 /16-17 തീയതി -30-3-2017

നിർവ്വഹണം- സെക്രട്ടറി

ഗ്രാമപഞ്ചായത്ത് പരിധിയിൽ പുതുതായി വിളക്കുകൾ വാങ്ങി സ്ഥാപിക്കുക എന്നതാണ് ഈ പ്രൊജക്ട് പ്രകാരം നിർവ്വഹിച്ചിട്ടുള്ളത്. തെരുവുവിളക്ക് വാങ്ങിയത് ടെണ്ടർ നടപടികളിലൂടെയാണ്. ലഭിച്ച ടെണ്ടറുകളിലെ നിരക്കുകൾ താരതമ്യപെടുത്തി കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത SOLENGERGEES ഗാന്ധി നഗർ, പാലക്കാട് എന്ന ഏജൻസിയുടെ ടെണ്ടർ അംഗീകരിച്ച്, അവരിൽ നിന്നാണ് വിളക്കുകൾ വാങ്ങിയിട്ടുള്ളത്. 24 Watt Automatic LED വിളക്കുകൾ ഒന്നിന് എല്ലാ നികുതികളും സ്ഥാപിക്കുന്നതിനുള്ള ചാർജ്ജും ഉൾപ്പെടെ ₹ 2771 രൂപ നിരക്കിൽ 144 തെരുവുവിളക്കുകളാണ് വാങ്ങിയിട്ടുള്ളത്. വിളക്കുകൾ ലഭിച്ചതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും, വിളക്കുകൾ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിച്ചതായുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഒപ്പിട്ട പത്രിക ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ പ്രൊജക്ട് നടത്തിപ്പ് സംബന്ധിച്ച് താഴെപറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1. ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം വാങ്ങിയ തെരുവുവിളക്കുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നുള്ള പരിശോധനനടത്തിയ റിപ്പോർട്ട് .

2. ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ തെരുവുവിളക്കുകൾ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചത് സംബന്ധിച്ച് വൈദ്യുതിബോർഡിൽ നിന്നുള്ള Installation Certificate

3. ഈ പ്രൊജക്ട് പ്രകാരം വാങ്ങിയ 144വിളക്കുകൾക്ക് കരാർ പ്രകാരം 3 വർഷത്തെ ഗ്യാരണ്ടിയുണ്ട്. ഇതുപ്രകാരം സ്ഥാപിച്ച വിളക്കുകൾക്ക് ഗ്യാരണ്ടി കാലയളവിലുണ്ടാകുന്ന തകരാറുകൾ പരിഹരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച റിപ്പോർട്ട്

4. തെരുവുവിളക്കുകൾ ഓരോവാർഡുകളിലെയും ഏവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് പോസ്റ്റ് നമ്പർ സഹിതം കാണിക്കുന്ന വാർഡ് മെംമ്പർമാരുടെ സാക്ഷ്യപത്രം.

മേൽ രേഖകളുടെ അഭാവത്തിൽ ഈയിനത്തിലെ ചെലവ് തുക ₹ 3,99,024 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

## 3-6 തുടർസാക്ഷരത പ്രവർത്തനങ്ങൾ രേഖകളിൽ വ്യക്തതയില്ല ചെലവ് തുക ₹ 54,315 തടസ്സത്തിൽ വെക്കുന്നു.

പ്രൊജക്ട് നം. – 56 /2017

നിർവ്വഹണം – സെക്രട്ടറി
പ്രോജക്ടിന്റെ പേര് – തുടർ വിദ്യാഭ്യാസപരിപാടി

അടങ്കൽ- ₹ 65050 തനത് ഫണ്ട്

ചെലവ്- ₹54,315

ചെക്ക് നം. 34371 തീയതി 31-3-2017 -തുക- ₹ 3500

ചെക്ക് നം. 34372 തീയതി 31-3-2017 -തുക- ₹ 3500

ചെക്ക് നം. 34373 തീയതി 31-3-2017 -തുക- ₹ 3500

ചെക്ക് നം. 34374 തീയതി 31-3-2017 -തുക- ₹ 3500

ചെക്ക് നം. 34375 തീയതി 31-3-2017 -തുക- ₹ 18,515

ചെക്ക് നം. 669569 തീയതി 31-3-2017 -തുക- ₹ 1000

ചെക്ക് നം. 669570തീയതി 31-3-2017 -തുക- ₹ 20,800

ആകെ തുക – 54,315.

2016-17 വർഷം നടപ്പാക്കിയ തുടർസാക്ഷരത പ്രൊജക്റ്റ് സംബന്ധിച്ച് താഴെപറയുന്ന വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

1 ഗ്രാമപഞ്ചായത്ത് പരിധിയിലെ തുടർസാക്ഷരതാ കേന്ദ്രങ്ങളുടെ വിവരം

2.തുല്യതപഠിതാക്കളായി ഏതൊക്കെ ക്ലാസുകളിൽ എത്രപേരാണ് പഠിച്ചുവരുന്നത്. എത്ര പേർ ഏതൊക്കെ ക്ലാസുകളിൽ 2016-17കാലയളവിൽ പരിക്ഷയിൽ പങ്കെടുത്തു എത്ര പേർ വിജയിച്ചു എന്ന വിവരം.

3.തുടർ സാക്ഷരത പഠിതാക്കൾക്ക് പരിശീലനം നൽകിയതിന്റെ ഹാജർ പട്ടിക,

4. തുടർസാക്ഷരത പരിപാടിയുടെ ഭാഗമായി പഠന ക്യാമ്പ് നടത്തിയതിന്റെ ചെലവുകൾ സംബന്ധിച്ച രേഖകൾ

5 2016-17 വർഷം പത്താംതരം തുല്യത പരിപാടിക്ക് കോഴ്സ് ഫീസിനത്തിൽ കേരളസംസ്ഥാന സാക്ഷരത മിഷനിൽ ഒടുക്കിയ തുകയുടെ സാക്ഷരതാമിഷനിൽ നിന്നുള്ള കൈപ്പറ്റ് രസീത്

മേൽ രേഖകൾ/വിവരങ്ങൾ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.20/2016-17 തീയതി, 25-7-2017) യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവ് തുക 54315/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 ഇ.എം.എസ്.ഭവനപദ്ധതിയിൽ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താകൾ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് 2009-10 കാലയളവിൽ നടപ്പാക്കിയ ഇ.എം.എസ് ഭവനപദ്ധതിയിൽ ആകെ 27 ഗുണഭോക്താകൾക്കാണ് ധനസഹായം അനുവദിച്ചിരുന്നത്. ഈ ഗുണഭോക്താകളിൽ 23 ഗുണഭോക്താകൾ ഇതുവരെയായി ഭവനനിർമ്മാണം പൂർത്തിയാക്കുകയുണ്ടായി. എന്നാൽ 4 ഗുണഭോക്താകൾ വർഷങ്ങൾ കഴിഞ്ഞിട്ടും ഭവനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെകൊടുക്കുന്നു.

| ഗുണഭോക്താ | എഗ്രിമെന്റിൽ | നാളിതു | ചെക്ക് | നിലവിലെ | സ്വീകരിച്ച |
|---|---|---|---|---|---|

| വിന്റെ പേരും വിലാസവും | ഏർപ്പെട്ട തീയതി | വരെ കൈപ്പറ്റിയതുക | നം. തുക | സ്ഥിതി | നടപടി |
|---|---|---|---|---|---|
| നാണി.കെ.സി കൊളച്ചേരി ചിറമ്മൽ നിടുവെട്ടൂർ | 21-01-2010 | 65,000 | 297925 (₹.15000) 298684 (₹.20,000) 397414 (₹ 30,000) | ലിന്റ്റൽ | 27-1-2017 ന് മൂന്നാമത്തെ രജിസ്റ്റേർഡ് നോട്ടീസ് അയച്ചു |
| എ.പി.അസ്മ എം.പി.ഹൗസ് പയസായി | 11-01-2010 | 65,000 | 297927 (₹.15000) 166315 (₹.20,000) 22409 (₹ 30,000) | ലിന്റ്റൽ | ഗുണഭോക്താവ് തുകതിരിച്ചടക്കാൻ തയ്യാറായതായി അറിയിച്ചതിനെ തുടർന്ന് സർക്കാർ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട് |
| വാഴയിൽ രാജൻ കുട്ടാവ് | 16-2-2010 | 15000 | 22419 ₹ 15000 | തറ | ഗുണഭോക്താവ് തുകതിരിച്ചടക്കാൻ തയ്യാറായതായി അറിയിച്ചതിനെ തുടർന്ന് സർക്കാർ അനുമതിക്ക് അപേക്ഷിച്ചിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ടി. കാർത്യായനി താഴെപുരഹൗസ് കുളിഞ്ഞ | 26-12-2009 | 65,000 | 166316 (₹15000) 397413 (₹20,000) 22429 (₹ 30,000) | ലിന്റൽ | 27-1-2017 ന് മൂന്നാമത്തെ രജിസ്റ്റേർഡ് നോട്ടീസ് അയച്ച |

മേൽ ഗുണഭോക്താകളിൽ കൈപ്പറ്റിയ ധനസഹായം തിരിച്ചടക്കാൻ സന്നദ്ധത അറിയിച്ച ഗുണഭോക്താളുടെ തുക തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സാമ്പത്തിക പ്രയാസം കാരണം ഭവനനിർമ്മാണം തുടരാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 'LIFE' പ്രൊജക്ടിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

## 3-8 സാന്ത്വന പരിചരണം- സർക്കാർ നിർദ്ദേശപ്രകാരമുള്ള ഹോംവിസിറ്റ് ദിനങ്ങൾ ഉറപ്പവരുത്തേണ്ടതാണ്.

പ്രൊജക്ട് നം.26 /2016-17

പ്രോജക്ടിന്റെ പേര് – സാന്ത്വന പരിചരണം

അടങ്കൽ- ₹ 3,70,000

ചെലവ് -₹ 3,19,150
നിർവ്വഹണം – മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. ഇരിക്കൂർ

ബിൽ നം. 3 /2016-17 തീയതി- 14-2-2016 തുക- 1.06,400

ബിൽ നം. 5 /2016-17 തീയതി- 24-1-2017 തുക- 13000

ബിൽ നം. 10 /2016-17 തീയതി-25-2-2017 തുക- 66,800

ബിൽ നം. 14 /2016-17 തീയതി- 24-3-2017 തുക- 10,715

ബിൽ നം. 15 /2016-17 തീയതി- 24-3-2017 തുക- 55,974

ബിൽ നം. 19 /2016-17 തീയതി- 28-3-2017 തുക- 66,261

----------

ആകെ തുക- ₹ 3,19,150

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ സാന്ത്വനപരിചരണപ്രൊജക്റ്റിനത്തിൽ 2016-17 കാലയളവിൽ ₹ 3,19,150 രൂപ ചെലവഴിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണവകുപ്പ് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ നടപ്പാക്കേണ്ടുന്ന പാലിയേറ്റീവ് പരിചരണപ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ സ.ഉ (സാധാ) നം.3217 /2015 /തസ്വഭവ തീയതി, 29-10-2015 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ സെക്കൻഡറി ലെവൽ ഹോം കെയർ പ്രവർത്തനങ്ങളുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷം മുതൽ ആഴ്ചയിൽ കുറഞ്ഞത് 4 എന്ന വിധത്തിൽ ഒരുമാസം 16 ഹോം കെയർ ദിനങ്ങളെങ്കിലും ഉണ്ടായിരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം നടപ്പാക്കിയ പ്രൊജക്റ്റിൽ 16 ഹോം കെയർ ദിനങ്ങൾ പൂർണ്ണമായും ലഭ്യമായിട്ടില്ല വിശദവിവരം ചുവടെകൊടുക്കുന്നു.

| മാസം | ഹോം വിസിറ്റ് യാത്രകളുടെ എണ്ണം. |
|---|---|
| ഏപ്രിൽ | 5 |
| മെയ് | 5 |
| ജൂൺ | 8 |
| ജൂലൈ | 8 |
| ആഗസ്റ്റ് | 16 |
| സപ്തംബർ | 16 |
| ഒക്ടോബർ | 14 |
| നവംബർ | 16 |
| ഡിസംബർ | 16 |

മേൽ പട്ടിക പ്രകാരം 4 മാസങ്ങളിൽ മാത്രമാണ് നിർദ്ദേശപ്രകാരമുള്ള 16 ഹോം കെയർ ദിനങ്ങൾ ലഭ്യമായിട്ടുള്ളത്. സാന്ത്വനപരിചരണം ആവശ്യമായ വ്യക്തിക്ക് ഒന്നിൽ കൂടുതൽ തവണ പരിചരണം ലഭ്യമാക്കുവാനും കൃത്യമായ തുടർചികിത്സ ഉണ്ടാക്കുവാനും വേണ്ടിയാണ് ഹോംകെയർ ദിനങ്ങളുടെ എണ്ണം കൂട്ടുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ഓരോ രോഗിയുടെയും ആവശ്യവും ലഭ്യമാക്കേണ്ട പരിചരണവും അനുസരിച്ച് പരമാവധി വിസിറ്റ് നടത്താൻ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പ്രത്യേകകന്നുകുട്ടിപരിപാലനം തുകകൈപ്പറ്റിയത് സംബന്ധിച്ച

**രേഖകളില്ല. കാലിതീറ്റ വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കൾ പ്രൊജക്ട് കാലയളവ് പൂർത്തിയാക്കിയിട്ടില്ല. . ചെലവ് തുക ₹ 1,12,500 തടസ്സത്തിൽവെക്കുന്നു**

പ്രൊജക്ട് നം. എസ്.0034 /2017

പ്രോജക്ടിന്റെ പേര് – പ്രത്യേകകന്നുകുട്ടിപരിപാലനം

പ്രൊജക്ട് അടങ്കൽ തുക- ₹ 6,25,000

ചെലവ് തുക- ₹ 1,12,500

ബിൽ നം. 1/2016-17 തീയതി, 25-2-17, ₹ 1,12,500

2016-17വർഷത്തിൽ നടപ്പാക്കിയ പ്രത്യേകകന്നുകുട്ടിപരിപാലന പ്രൊജക്ടിൽ ഗ്രാമപഞ്ചായത്ത് വിഹിതമായി ₹ 1,12,500 രൂപ എസ്.എൽ.ബി.പി പ്രൊജക്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് അക്കൗണ്ട് നമ്പർ 719011400000003 തീയതി 25-2-17 പ്രകാരം ഒടുക്കിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതായുള്ള രസീത് ലഭ്യമാക്കിയിട്ടില്ല. 2016-17 വർഷം പ്രത്യേകകന്നുകുട്ടിപരിപാലന പ്രൊജക്ടിൽ എൻറോൾ ചെയ്ത 18 ഗുണഭോക്താകളിൽ 1 ഗുണഭോക്താവ് പദ്ധതിയിൽ 3 മാസം മാത്രമെ കാലിതീറ്റ കൈപ്പറ്റിയിട്ടുള്ളൂ. ടി ഗുണഭോക്താവിന്റെ കന്നുകുട്ടി നിലവിലില്ല എന്നാണ് അറിയിച്ചിട്ടുള്ളത്. 18 ഗുണഭോക്താകൾക്കുവേണ്ടി എസ്.എൽ. ബി.പി യിൽ ഒടുക്കിയിട്ടുള്ള തുകയിൽ നിന്നും 1 ഗുണഭോക്താവിന് ആനുപാതികമായി ഒടുക്കിയ 6250/- രൂപയിൽ 3 മാസം കാലിതീറ്റ കൈപ്പറ്റിയതിനുള്ള സബ്സീഡി കഴിച്ചുള്ള തുക എസ്.എൽ,ബി.പി യിൽ നിന്നും തിരിച്ചുകിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2013-14-ൽ നടപ്പാക്കിയതിന് ശേഷം 2016-17-ൽ മാത്രമാണ് പ്രത്യേക കന്നുകുട്ടി പരിപാലന പ്രൊജക്ട് നടപ്പാക്കിയത്. 2013-14-ൽ 30 ഗുണഭോക്താകളുടെ കന്നുകുട്ടികളെയാണ് ഈ പ്രൊജക്ട് പ്രകാരം എൻറോൾ ചെയ്തിരുന്നത്. എസ്.എൽ ബി.പി കാലിതീറ്റ വിതതരണ രജിസ്റ്റർ പരിശോധിച്ചതിൽ 32 മാസത്തിൽ പൂർത്തിയാക്കേണ്ടുന്ന ഈ പ്രൊജക്ട് 23-8-2016 വരെ തുടർന്നതായി കാണുന്നു.എന്നാൽ എൻറോൾ ചെയ്ത 30 ഗുണഭോക്താക്കളും പദ്ധതികാലയളവായ 32 മാസംതികച്ചിട്ടില്ല. 11 മാസം മുതൽ 27 മാസം വരെമാത്രമാണ് ഗുണഭോക്താക്കൾ കാലിതീറ്റകൈപ്പറ്റിയിട്ടുള്ളൂ. പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് ഇതിനുള്ള കാരണം കണ്ടെത്തേണ്ടതും 32 മാസം എത്തുന്നതിന് മുൻപ് പദ്ധതി വിട്ടുപോയ ഗുണഭോക്താകളുടെ എസ്.എൽ.ബി.പി. യിൽ ഒടുക്കിയ തുകയിൽ ഇതുവരെ കൈപ്പറ്റിയ കാലിതീറ്റയുടെ സബ്സീഡി കഴിച്ചുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ഗുണഭോക്തൃസമിതിമുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ -രേഖകൾ ഹാജരാക്കാത്തത് ₹ 8,43,578 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ

1997 ലെ കേരളപഞ്ചായത്തീ രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, 1999 ൽ സംസ്ഥാന ആസൂത്രണ ബോർഡ് പുറപ്പെടുവിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖ എന്നിവ അടിസ്ഥാനമാക്കിയാണ് ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രവൃത്തികൾ നടപ്പാക്കേണ്ടത്. എന്നാൽ ഗുണഭോകതൃസമിതി മുഖേന നടപ്പാക്കിയ മരാമത്തു പ്രവൃത്തികളിൽ മേൽ ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. .

ഗുണഭോക്തൃ സമിതി മുഖേന നടപ്പിലാക്കിയ വിവിധ പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നം & കൺവീനറുടെ പേര് എം ബുക്ക്നം | പ്രവൃത്തി മൂല്യം VAT+ KCWWF ഉൾപ്പെടെ | ചെലവ് തുക (ബിൽ നമ്പർ /തീയ്യതി |
|---|---|---|---|
| 1 | സി.പി.റോഡ് അഭിവൃദ്ധിപ്പെടുത്തൽ/ 64/16,13/17 / ശ്രീ. കെ.കെ.റഷീദ്. | 2,89,893 | 2,48,206.00 ( 2015-16) 41,686 .00 (ബിൽ നം 20/30.3.2017) |
| 2 | പട്ടീൽ ആവിലക്കുന്ന് റോഡ് റീടാറിംഗ് / 0/400 0/700 / 35/16,8/17 / സൈനൽആബിദ് / 2/15-16,1A-16-17 | 3,95,675 | 2015-16-ലെ ചെലവ് – 2,07,012 ജലനിധി- 1,88,663 (2016-17) |
| 3 | പട്ടീൽ ആവിലക്കുന്ന് റോഡ് പാച്ച് വർക്ക് / 54/16,10/17 / മുഹമ്മദ്.ടി.പി / 0/750 1/100 ചേർത്തിട്ടില്ല | 1,99,674 | ജലനിധി -1,88,373 (2016-17) |
| 4 | മലയന്റവിട | 83,684 | 54,660-2015-16 |

| | | | |
|---|---|---|---|
| | ഫുട്പാത്ത് നിർമ്മാണം / പ്രോജ.നം.70/16, 58/17<br>31/15-16,58/17 / | | 25,738 -14/29.3.2017<br>80,398 |
| 5 | വികെ എസ് റോഡ് പാച്ച് വർക്ക് ചെയിനേജ് /<br>45/16, 17/17 /<br>ഇസ്ഹാഖ് .എം / എം.ബുക്ക് നം.<br>45/16 & 3(a) /15-16 | 4,29,641 | 1,38,867 – 2015-16<br>80,774- 2015-16<br>2,10,000( ബിൽ നം 1 തീയതി 30.9.2016) |
| 6 | ബദരിയ റോഡ് വർക്ക് / പ്രോജ.നം.<br>56/16,11/17 അബ്ദുൽ മജീദ്.കെ.വി എം.ബുക്ക് നം.<br>27/15-16 | 1,89,118 | 1,89,118(2/30.9.2016) |
| ആകെ ചെലവ് | | | 8,43,578 |

1-പ്രവൃത്തി നടത്തുന്നതിനാവശ്യമായ എല്ലാ പണമിടപാടുകളും ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ടിലൂടെ മാത്രമേ പാടുള്ളൂ .എന്നാൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

2- ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ./16.11.2013 ഉത്തരവു പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.11(6) അനുസരിച്ച് ഗുണഭോക്തൃ സമിതിയുടെ ചെയർമാനും, കൺവീനറും, അംഗങ്ങളും ,പ്രൊജക്ടിൽ പറഞ്ഞ ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾ തന്നെയായിരിക്കണമെന്നും ആയത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും സാക്ഷ്യപ്പെടുത്തിയ രേഖ നിർവ്വഹണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഈ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

3. ഗുണഭോക്തൃ സമിതിയുടെ വരവ്-ചെലവ് കണക്കുകൾ,വൗച്ചറുകൾ എന്നിവ എഞ്ചിനീയർ പരിശോധിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

4. മുകളിൽ പരാമർശിച്ച ക്രമ നം 1,4 എന്ന പ്രവൃത്തികളുടെ ,ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല. കൂടാതെ ഈ പ്രവൃത്തികളുടെ ഗുണഭോക്തൃസമിതിയുടെ മിനുട്ട്സ് ബുക്കിൽ പ്രവൃത്തിയുടെ ആകെ ചെലവ് തുക രേഖപ്പെടുത്തിയിട്ടില്ല. മേൽ പറഞ്ഞ രേഖകളുടെ അഭാവത്തിൽ 2016-17 വർഷത്തിൽ ചെലവഴിച്ച ₹8,43,578 തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-11 സേവന നികുതി ഈടാക്കാത്തത്

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനിയർ

ധനകാര്യ അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 25.11.16 ലെ ഇൻഡ്& പി ഡബ്ല്യു ബി 2/187/16-ധന നമ്പർ കത്തിൽ 01.04.16 മുതൽ ഒരു പ്രവൃത്തിയുടെ സേവനത്തിന്റെ വിലയുടെ പതിനഞ്ച് ശതമാനം ആണ് സേവനനികുതി നിരക്കെന്നും, പ്രവൃത്തിയുടെ സേവന ഘടകത്തിന്റെ 15% നിർണ്ണയിക്കാൻ ബുദ്ധിമുട്ടായതിനാൽ ഒറിജിനൽ പ്രവൃത്തികൾക്ക് പതിനഞ്ച് ശതമാനത്തിന്റെ നാല്പത് ശതമാനം നിരക്കിലും (6%) അറ്റകുറ്റപ്രവൃത്തികൾക്ക് പതിനഞ്ച് ശതമാനത്തിന്റെ എഴുപത് ശതമാനം നിരക്കിലും (10.5%) സേവനനികുതി ഈടാക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റിൽ സേവന നികുതി കണക്കാക്കിയിട്ടുണ്ടെങ്കിലും, ബില്ലിൽ നിന്നും സേവന നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്<br>കരാറുകാരന്റെ പേര് | എം.ബുക്ക് നമ്പർ | പ്രവൃത്തി മൂല്യം | നികുതി നിരക്ക് % | ഈടാക്കേണ്ട സേവന നികുതി | ബിൽ നം. &തീയതി, തുക |
|---|---|---|---|---|---|---|
| 1 | ഹോമിയെ ഹോസ്പിറ്റൽ അടിസ്ഥാന സൗകര്യ വികസനം (85/17)<br>ശ്രീ.ആർ.പി.അബ്ദുൽ സലീം | 8/17 | 4,63,606 | 6 | 27,816 | 31/20.3.2017-4,63,606 |
| 2 | ആയുർവേദ ആശുപത്രി അറ്റകുറ്റപ്പണി (84/17) | 25/17 | 67,302 | 10.5 | 7,067 | 21/30.3.2017 |

| | | | | | | |
|---|---|---|---|---|---|---|
| | ശ്രീ.ആർ.പി.അബ്ദുൽ സലീം | | | | | |
| 3 | പട്ടുവം അംഗൻവാടി നിർമ്മാണം (54/17)<br>ശ്രീ.ഷബീർ.കെ.ടി | 12/17 | 14,29,248 | 6 | 85,754 | 23/30.3.2017<br>-10,29,248<br>-4,00,000 |
| 4 | പെരുവളത്ത് പറമ്പ് പഞ്ചായത്ത് വിപണനകേന്ദ്രം നിർമ്മാണം (86/17)<br>ശ്രീ.മോഹനൻ.കെ | 17/17 | 10,14,766 | 6%<br>(എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി യിട്ടില്ല) | 60,886 | 24/31.3.2013<br>-10,14,766 |
| ആകെ | | | | | 85,754 | |

കരാറുകാർക്ക് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്തതിനാലാണ് ബില്ലിൽ നിന്നും സേവന നികുതി ഈടാക്കാത്തതെന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്. 85,754 രൂപ സേവനനികുതി ഒടുക്കേണ്ടതാണ്.

## 3-12 ഒഴിഞ്ഞ ബാരൽ വില ഒടുക്കുന്നത് - സർക്കാർ നിർദ്ദേശം പാലിച്ചില്ല

ഓഡിറ്റ് വർഷം വിവിധ റോഡ് പ്രവൃത്തികളുടെ ബില്ലുകളിൽ നിന്ന് ഈടാക്കിയ ഒഴിഞ്ഞ ബാരൽ വില ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് ഒടുക്കിയിട്ടുള്ളത്.എന്നാൽ 30.10.07-ലെ സർക്കുലർ നം.59827/FM/07 പ്രകാരം ടാറിംഗ് പ്രവൃത്തികളിൽ ഏതു ഫണ്ടുപയോഗിച്ചാണോ ടാർ വാങ്ങിയത് അതേ അക്കൗണ്ടിലേക്ക് ഒഴിഞ്ഞ ബാരൽ വില G.O.(P)177/06/Fin. Dt.12.04.2016 ഖണ്ഡിക 10.3-ലെ നിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് തിരിച്ചടക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

2016-17സാമ്പത്തിക വർഷം ഒഴിഞ്ഞ ബാരൽ വിലയിനത്തിൽ ഈടാക്കിയ തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | ആകെ | പ്രോജക്ടുകളുടെ വിവരം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | 9,000 | 9,000 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | ഇല്ല | 9,000 |
| | *9,98,300 | | | ലക്ഷം വീട് ഭവന പദ്ധതി -2009-10 | | *9,98,300 |
| ബ്ലോക്ക് പഞ്ചായത്ത് | ഇല്ല | 11,000 | 11,000 | ക്ഷീര കർഷകർക്ക് ഉൽപാദന ബോണസ് | | ഇല്ല |
| | ഇല്ല | 4,00,000 | 4,00,000 | പട്ടുവം അംഗൻവാടി നിർമ്മാണം | | ഇല്ല |
| | ഇല്ല | 2,60,000 | 2,60,000 | പട്ടീൽ ആവിൽകുന്ന് റോഡ് നിർമ്മാണം | 2,60,000 | ഇല്ല |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 1,225 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2015-16 | ഭാഗം -2 ഖ-2(3) | 300 | മാവേലി സ്റ്റോർമാനേജർ | 11603102601 .1712.2016 |
| "" | ഭാഗം -2 ഖ-2(3) | 500 | ശ്രീ.കെ.ടി.ഷൈജു (കല്ല്യാൺ ജ്വല്ലേഴ്സ്) | 11603103253 22.12.2016 |
| "" | ഭാഗം -2 ഖ-2(3) | 200 | സി.കമാൽകുട്ടി (പി.എസ് ഗ്രാനൈറ്റ്) | 1160310 2577 15.12.2016 |
| "" | ഭാഗം -2 ഖ-2(3) | 100 | കെ .മദൻരാജ് | 11603102575 15.12.2016 |
| "" | ഭാഗം -2 ഖ-2(3) | 25 | മുഹമ്മദ് അഷറഫ് | 11603102596 16.12.2016 |
| "" | ഭാഗം -2 | 100 | എ.സി.ഫൈസൽ | 11603102576 |

| | | | | |
|---|---|---|---|---|
| | ഖ-2(3) | | | 15. 12.2016 |
| ആകെ | | 1225 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2007-08<br>3-13 | 2011-12<br>2-7 | നിഷ്ക്രിയ ആസ്തിയായി മാറിയ<br>കുടുംബശ്രീഉൽപ്പന്ന വിപണന കേന്ദ്രം | നിലവിൽ<br>കുടുംബശ്രീഉൽപ്പന്ന വിപണന കേന്ദ്രത്തിലെ മുഴവൻ മുറികളിലും സംരംഭങ്ങൾ പ്രവർത്തിച്ചുവരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| ഇനം | തുക |
|---|---|
| തൻവർഷത്തെ വരവ് | 3,23,56,103 |
| തൻവർഷത്തെ ചെലവ് | 3,37,22,349 |
| വരവ് നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവ് നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 16,09,417 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2,00,000 | ശ്രീ.എ.പി.ഗോപി<br>(അസിസ്റ്റന്റ് സെക്രട്ടറി) |
| 3-5 | 3,99,024 | ശ്രീ.കെ.അബ്ദുൽ റഷീദ്<br>(സെക്രട്ടറി) |
| 3-6 | 54,315 | ശ്രീ.കെ.അബ്ദുൽ റഷീദ്<br>(സെക്രട്ടറി) |
| 3-9 | 1,12,500 | ഡോ.കെ.ജവഹർ<br>(വെറ്ററിനറി സർജ്ജൻ) |
| 3-10 | 8,43,578 | ശ്രീ.ജ്യോതിഷ്ബാബു.കെ.ആർ<br>(അസിസ്റ്റന്റ് എഞ്ചിനിയർ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.എൻ.ആർ./സി9 /926 /2002<br>തീയതി.09.12.2002/ 03-12-2012 | 3 |
| 2000-01 | എൽ.എഫ്.കെ.എൻ.ആർ./ സി9 /1181 /2003<br>തീയതി 18-12-2003 | 1 |
| 2002-03 | എൽ.എഫ്.കെ.എൻ.ആർ./സി 08 /656 /2006<br>തീയതി 19-12-2006 | 3 |
| 2003-04 | എൽ.എഫ്.കെ.എൻ.ആർ./സി 02 /2237 /2007<br>തീയതി.01.12.2008/ 03-01-2009 | 5 |
| 2004-05 | എൽ.എഫ്.കെ.എൻ.ആർ./സി 02 /2341 /2007<br>തീയതി .17.09.2008/ 03-01-2009 | 6 |
| 2005-06 | എൽ.എഫ്.കെ.എൻ.ആർ./സി02/958/2009<br>തീയതി 20-10-2010 | 2 |
| 2006-07 | എൽ.എഫ്.കെ.എൻ.ആർ./സി02/956/2009<br>തീയതി 26-10-2010/06.12.2010 | 2 |
| 2007-08 | എൽ.എഫ്.കെ.എൻ.ആർ./സി 03/358 /2011<br>തീയതി 16-05-2011 | 4 |
| 2008-09 | എൽ.എഫ്. കെ.എൻ.ആർ./സി 03/359/2011<br>തീയതി 16-05-2011 | 5 |

| | | |
|---|---|---|
| 2009-10 | എൽ.എഫ്. കെ.എൻ.ആർ./സി 03/548/2011<br>തീയതി 11-05-2011 | 6 |
| 2010-11&<br>2011-12 | എൽ.എഫ്. കെ.എൻ.ആർ./സി 01/575/2013<br>തീയതി 05-08-2013 | 6 |
| 2012-13&<br>2013-14 | എൽ.എഫ്. കെ.എൻ.ആർ./സി 01/642/2015<br>തീയതി 08-07-2015 | 7 |
| 2014-15 | എൽ.എഫ്. കെ.എൻ.ആർ./സി 01/1441/2016<br>തീയതി 09-08-2016 | 6 |
| 2015-16 | നം.കെ.എസ്.എ.കെ.എൻ.ആർ.സി4/2183/2016<br>തീയതി 01.02.2017 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# <u>അനുബന്ധം -1</u>

## <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

നം.കെ.എസ്.എ /കെ.എൻ.ആർ /സി.4/1344/2017.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
e-mail: doknr.ksad@kerala.gov.in
ഫോൺ: 0497/2707698
തീയതി:14.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തുന്നതിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ പരിശോധന നിർവഹിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ ഓഡിറ്റ് റിപ്പോർട്ടിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഗ്രാമ പഞ്ചായത്ത് ഇരിക്കൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യപത്രിക വരവ് ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

AUDIT CERTIFICATE

KSA-KNR/C.4/1344/2017.

Kerala State Audit Department,

DistrictAuditOffice, Kannur-670 001.

e-Mail:lfaddistofficeknr@gmail.com
Phone:0497-2707698.
Date: 14.09.2017

Certified that I have audited the annual Financial Statement of IRIKKUR Gramapanchayat in Kannur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my Opinion, the Financial Statements of that I have audited the annual Financial Statement of IRIKKUR Gramapanchayat for the year 2016-17 except the observation in my audit report properly presents the picture of income and expenditure.

Deputy Director,

District Audit Office, Kannur.

## അനുബന്ധം-2

# Receipt And Payment Statement for the period from 01.04.2016 to 31.03.2017 of Irikur Grama Panchayath

| *Code* | *Head Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | Opening Balance | | |

| | | | |
|---|---|---|---|
| | Bank | RP-40(a) | 7,470,676.00 |
| | Cash | RP-40(a) | 128,095.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 1,151,920.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 7,000.00 |
| 140000000 | Fees & User Charges | RP-4 | 521,231.00 |
| 150000000 | Sale & Hire Charges | RP-5 | 214,827.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 5,231,164.00 |
| 171000000 | Interest Earned | RP-9 | 159,298.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 20,711,053.00 |
| 350000000 | Other Liabilities | RP-36 | 1,046,425.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 775.00 |
| 311000000 | Earmarked Funds | RP-29 | 76.00 |
| 340000000 | Deposits Received | RP-34 | 20,489.00 |
| 350000000 | Other Liabilities | RP-36 | 261,281.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2,901,530.00 |
| 460000000 | Loans, Advances and Deposits | RP-47 | 129,034.00 |
| Grand Total | | | 39,954,874.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,448,027.00 |
| 220000000 | Administrative Expenses | RP-12 | 576,090.00 |
| 230000000 | Operations & Maintenance | RP-13 | 852,532.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 1,299,159.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 4,552,302.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 842,005.00 |
| 253000000 | Decentralised Plan Programme - Projects | RP-18 | 4,717,693.00 |

| | | | |
|---|---|---|---|
| | not included in Sector Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 966,000.00 |
| 255000000 | Maintenance Projects | RP-20 | 3,169,927.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 14,500.00 |
| 280000000 | Prior Period Item | RP-26 | -3,978.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.00 |
| 350000000 | Other Liabilities | RP-36 | 5,148,393.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 462.00 |
| 280000000 | Prior Period Item | RP-26 | -18,530.00 |
| 350000000 | Other Liabilities | RP-36 | 1,799,393.00 |
| 410000000 | Fixed Assets | RP-38 | 2,420,102.00 |
| 412000000 | Capital Work In Progress | RP-40 | 4,740,038.00 |
| 460000000 | Loans, Advances and Deposits | RP-47 | 198,234.00 |
| | Closing Balance | | |
| | Bank | RP-40(b) | 6,076,953.00 |
| | Cash | RP-40(b) | 155,572.00 |
| Grand Total | | | 39,954,874.00 |

Deputy Director

# അനുബന്ധം-3

# irikur Grama Panchayath Income & Expenditure statement For the period from 01-April 2016 to 31 March 2017

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |
| 110000000 | Tax Revenue | I-1 | 3,585,716.00 |
| 130000000 | Rental Income from panchayath properties | I-3 | 84,052.00 |
| 140000000 | Fee & User charges | I-4(b) | 577,441.00 |
| 150000000 | Sale & Hire Charges | I-5(b) | 214,827.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 41,376,742.00 |
| 170000000 | Income from investment | I-8 | 159,298.00 |
| 171000000 | Interest Earned | I-9 | 775.00 |
| A | Total Income | | 45,998,851.00 |
| Expenditure | | | |
| 210000000 | Establishment Expenses | I-10(b) | 7,688,190.00 |
| 220000000 | Administrative Expenses | I-11(b) | 576,090.00 |

| | | | |
|---|---|---|---|
| 230000000 | Operations & Maintanance | I-12(b) | 967,129.00 |
| 240000000 | Interest & Finance Charges | I-13 | 462 |
| 250000000 | Decentralised Plan programme – Productive Sector | I-14 | 2,899,220.00 |
| 2510000000 | Decentralised Plan programme – Service Sector | I-14(a) | 8,342,926.00 |
| 2520000000 | Decentralised Plan programme – Infrastructure Sector | I-14(b) | 842,005.00 |
| 253000000 | Decentralised Plan programme – Projects not included in Sector Division | I-14(c) | 4,717,693.00 |
| 254000000 | Expenditures of Transferred Institutions & State Sponsored Schemes | I-14(d) | 17,016,440.00 |
| 255000000 | Maintanance Projects | I-14(e) | 3,169,927.00 |
| 256000000 | Other Revenue Grants and Funds-Revenue Expenses | I-15(a) | 14,500.00 |
| 272000000 | Depreciation | I-17(a) | 1,296,690.00 |
| B | Total –Expenditure | | 47,531,272.00 |
| C=A-B | Gross Surplus/Deficit of Income over Expenditure | | (1532,421.00) |
| D=280000000 | Prior period Item | I-18 | 175,814.00 |
| E=C-D | Gross Surplus/Deficit of Income over Expenditure after prior period items | | (1,708,235.00) |
| 290000000 | Transfer to reserve funds | | |
| | Net balance being surplus/Deficit carried over to balance sheet (Panchayat Fund) | | |

DEPUTY DIRECTOR.

## അനുബന്ധം-4

# irikur Grama Panchayath Balance Sheet As on 31 March, 2017

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| LIABILITIES | | | |
| | Reserve & Surplus | | |
| 310000000 | Panchayat Funds | B-1 | (4239460.00) |
| 311000000 | Earmarked Funds | B-2 | 1739.00 |
| 312000000 | Reserves | B-3 | 23178666.00 |
| | Total Reserve & Surplus | | 18940945.00 |
| | Grants,Contributions for specific purposes | | |
| 320000000 | Grants,Funds &Contributions for Specific Purposes | B-4 | 2977593.00 |

| | | | |
|---|---|---|---|
| | | | |
| | Total Grants, Funds & Contributions for Specific Purposes | | 2977593.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | Total Loans | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 292359.00 |
| 350000000 | Other Liabilities | B-9 | 1946384.00 |
| | Total Current Liabilities and Provisions | | 2238743.00 |
| | Total Liabilities | | 1946384.00 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 20334833.00 |
| 411000000 | Accumulated Depreciation | B-11 | (3604752.00) |
| 412000000 | Capital Work In Progress | B-11(a) | 0.00 |

| | | | |
|---|---|---|---|
| | Total Fixed Assets | | 16730081.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock in hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1136806.00 |
| 450000000 | Cash and Bank balance | B-17 | 6232525.00 |
| 460000000 | Loans,Advances and Deposits | B-18 | 57869.00 |
| | Total Current Assets,Loans and Advances | | 7427200.00 |
| | Total Assets | | 24157281.00 |

DEPUTY DIRECTOR